കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ, ഏരിയകൾ, പർക്കുകൾ, പ്ലോട്ടുകൾ എന്നിവിടങ്ങളിൽ ലോജിസ്റ്റിക്സ്/സർവീസ് മേഖല പ്രവർത്തനത്തിന് വ്യവസായ ഭൂമി അനുവദിക്കുന്നതിന്റെ പരിധി പുനർ നിർണയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.44/2024/ID തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം :- 1. 19.2.2014-ലെ G.O.(Rt)224/2014/ID നമ്പർ ഉത്തരവ്.

2. വ്യവസായ വണിജ്യ ഡയറക്ടറുടെ 24/06/2024-ലെ DIC/13511/2018-ID-1 നമ്പർ കത്ത്.

**ഉത്തരവ്**

വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ സർവീസ് മേഖലയായ logistics, facilities including godown, food courts, hotel, canteen, conference hall, petrol/diesel pumps, cold storage എന്നിവയ്ക്കായി ഡെവലപ്മെന്റ് ഏരിയ/ ഡെവലപ്മെന്റ് പ്ലോട്ട്സ്-കളിലെ ആകെ സ്ഥല വിസ്തൃതിയുടെ 5% അധികരിക്കാതെ സേവന മേഖലയ്ക്കായി അലോട്ട് ചെയ്ത് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാന സർക്കാരിന്റെ പുതിയ വ്യവസായ നയത്തിൽ ലോജിസ്റ്റിക് വികസനം മുൻഗണനാ മേഖലയായി ഉൾപ്പെടുത്തിയിട്ടുള്ളതിനാലും വർദ്ധിച്ചുവരുന്ന ആവശ്യകതയുടെ അടിസ്ഥാനത്തിലും സർവീസ് മേഖലയായ ലോജിസ്റ്റിക്സ്, ഗോഡൗൺ, ഫുഡ് കോർട്ട്സ്, ഹോട്ടൽ, കാന്റീൻ കോൺഫറൻസ് ഹാൾ, പെട്രോൾ/ഡീസൽ പമ്പ്, കോൾഡ് സ്റ്റോറേജ്,

എന്നിവയ്ക്കായി വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ, ഏരിയകൾ, പാർക്കുകൾ, പ്ലോട്ടുകൾ എന്നിവിടങ്ങളിലെ ആകെ സ്ഥല വിസ്തൃതിയുടെ 20% - ൽ അധികരിക്കാതെ വ്യവസായ ഭൂമി അലോട്ട് ചെയ്യാവുന്നതാണെന്ന് പരാമർശ (2) കത്ത് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തു.

3 . സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റ്, ഏരിയ, പ്ലോട്ട് എന്നിവിടങ്ങളിൽ ലോജിസ്റ്റിക്സ്/സർവീസ് മേഖലയ്ക്ക് ഭൂമി അനുവദിക്കുന്നതിനുള്ള സ്ഥലപരിധി വിസ്തീർണം, അതത് വ്യവസായ ഏരിയ/എസ്റ്റേറ്റ്/പ്ലോട്ട് എന്നിവിടങ്ങളിലെ നിലവിലുള്ള മൊത്തം സ്ഥല വിസ്തീർണത്തിന്റെ 5% എന്നതിൽ നിന്ന് 20% ആയി ഉയർത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി.

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.
ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് I/ആഡിറ്റ് II)-കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Sherin B Das
സെക്ഷൻ ഓഫീസർ.
Date: 14-08-2024 11:35:46